**മൂപ്പന്മാർക്കും**
**ഉത്തരവാദിത്തപ്പെട്ടവർക്കുമുള്ള**
**അന്തർദേശീയ പരിശീലനം**
നവംബർ 2025

**പൊതുവിഷയം:**
**മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങളുടെ നിർണയാക വശങ്ങൾ**

ദൂത് എട്ട്

## ആദ്യം ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിക്കുന്നു

HL *Hymns*: ML93

തിരുവെഴുത്ത്വായന: മത്താ. 5:20;
സങ്കീ. 89:14; ഫിലി. 3:9; 2 കൊരി. 3:8-9; 5:21; 2 തിമൊ. 4:8

മത്താ. 5:20 നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ, നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

സങ്കീ. 89:14 നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കുന്നു.

ഫിലി. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

2 കൊരി. 3:8 ആത്മാവിന്റെ ശുശ്രൂഷ എങ്ങനെ അധികം തേജസ്സിൽ അല്ലാതിരിക്കും?

2 കൊരി. 3:9 ശിക്ഷാവിധിയുടെ ശുശ്രൂഷയിൽ തേജസ്സുണ്ടെങ്കിൽ, അതിലധികമായി നീതിയുടെ ശുശ്രൂഷ തേജസ്സുകൊണ്ട് സമൃദ്ധമാകുന്നു.

2 കൊരി. 5:21 പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആയിത്തീരേണ്ടതിന്, അവൻ നമുക്കു പകരം പാപമാക്കി.

2 തിമൊ. 4:8 ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, ...

I. **പിതാവിന്റെ രാജ്യം ഇന്ന് സ്വർഗരാജ്യത്തിന്റെ യാഥാർഥ്യം, ഇന്ന് സഭാജീവിതത്തിന്റെ യാഥാർഥ്യമാണ്, അത് വരാനിരിക്കുന്ന യുഗത്തിൽ സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയായിരിക്കും—മത്താ. 5:3; 13:43:**

മത്താ. 5:3 ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു.

മത്താ. 13:43 അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

A. “ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങളെ സ്വരൂപിക്കരുത്.... സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങളെ സ്വരൂപിക്കുവിൻ”—6:19, 20:

1. ഓരോ വിശ്വാസിയുടെയും അടിസ്ഥാന മനോഭാവം പണത്തെ സ്നേഹിക്കാതിരിക്കുന്നതായിരിക്കണം—എബ്രാ. 13:5; 1 തിമൊ. 6:10; 2 തിമൊ. 3:2.

| | |
|---|---|
| എബ്രാ. 13:5 | ഉള്ളതിൽ തൃപ്തിപ്പെട്ടുകൊണ്ട് നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹം ഇല്ലാത്തതായിരിക്കട്ടെ; "ഞാൻ ഒരുവിധത്തിലും നിന്നെ കൈവിടുകയില്ല നിന്നെ ഉപേക്ഷിക്കുകയുമില്ല", എന്ന് അവൻതന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ; |
| 1 തിമൊ. 6:10 | എന്തെന്നാൽ ദ്രവ്യാഗ്രഹം സകല തിന്മകളുടെയും ഒരു വേരാകുന്നു, അതിനാൽ ചിലർ, പണത്തിനു പിന്നാലെ കാംക്ഷിച്ചുകൊണ്ട്, വിശ്വാസത്തിൽനിന്നു വ്യതിചലിപ്പിക്കപ്പെടുകയും നിരവധി വേദനകൾ കൊണ്ട് തങ്ങളെത്തന്നെ തുളച്ചുകയറ്റുകയും ചെയ്തു. |
| 2 തിമൊ. 3:2 | എന്തെന്നാൽ മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും ധാർഷ്ട്യമുള്ളവരും അസഭ്യം പറയുന്നവരും മാതാപിതാക്കളെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും, |

2. നാം ഭൂമിയിൽ നമുക്കായി നിക്ഷേപങ്ങൾ ശേഖരിച്ചാൽ, നാം എപ്പോഴും ദൈവത്തെയല്ല, മാമ്മോനെയായിരിക്കും സേവിക്കുന്നത്—മത്താ. 6:19, 24.

| | |
|---|---|
| മത്താ. 6:19 | പുഴുവും തുരുമ്പും ഇല്ലാതാക്കുകയും, കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങളെ സ്വരൂപിക്കരുത്. |
| മത്താ. 6:24 | രണ്ടു യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴിയുകയില്ല; ഒന്നുകിൽ അവൻ ഒരുവനെ വെറുക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ അവൻ ഒരുവനെ പിടിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും സേവിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല. |

3. നിയന്ത്രക പ്രമാണം എന്നത്, ഭൂമിയിൽ നിക്ഷേപങ്ങൾ സ്വരൂപിക്കുന്നത് ദൈവത്തിന്റെ വ്യവസ്ഥയ്ക്ക് എതിരാണെന്നും അവന്റെ കരുണയിലും കരുതലിലും ഒരുതരം അവിശ്വാസം പ്രകടിപ്പിക്കുന്നതാണെന്നുമാണ്—വാ. 32-33.

| | |
|---|---|
| മത്താ. 6:32 | ...ഇവയെല്ലാം നിങ്ങൾക്ക് ആവശ്യമുണ്ടെന്നു നിങ്ങളുടെ സ്വർഗീയ പിതാവ് അറിയുന്നു. |
| മത്താ. 6:33 | എന്നാൽ ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവിൻ, ഇവയെല്ലാം നിങ്ങൾക്കു കൂട്ടിച്ചേർക്കപ്പെടും. |

B. "നിന്റെ നിക്ഷേപം എവിടെ ആകുന്നുവോ, അവിടെ നിന്റെ ഹൃദയവും ഇരിക്കും"—വാ. 21:

1. നമ്മുടെ ഹൃദയം എപ്പോഴും അതിന്റെ നിക്ഷേപത്തെ പിന്തുടരുന്നു.

2. നമ്മൾ എന്ത് പറഞ്ഞാലും, നമ്മുടെ ഹൃദയം എപ്പോഴും നമ്മുടെ നിക്ഷേപം ഉള്ളിടത്തായിരിക്കും.

C. "രണ്ട് യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴിയുക യില്ല, ഒന്നുകിൽ അവൻ ഒരുവനെ വെറുക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ അവൻ ഒരുവനെ പിടിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവ ത്തെയും മാമ്മോനെയും സേവിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല"—വാ. 24:

1. ദൈവത്തെ സേവിക്കുവാൻ നമ്മുടെ ഹൃദയം ഏകാഗ്രമായിരിക്കണം; നമുക്ക് ഒരേസമയം ദൈവത്തെയും മാമ്മോനെയും (സമ്പത്ത്) സേവിക്കുവാൻ കഴിയുകയില്ല—ലൂക്കൊ. 16:13.

| | |
|---|---|
| ലൂക്കൊ. 16:13 | ഒരു വീട്ടുഭൃത്യനും രണ്ടു യജമാനന്മാരെ സേവിക്കുവാൻ കഴിയുകയില്ല; ഒന്നുകിൽ അവൻ ഒരുവനെ വെറുക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും, അല്ലെങ്കിൽ അവൻ ഒരുവനെ മുറുകെപ്പിടിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും നിങ്ങൾക്കു സേവിക്കുവാൻ കഴിയുകയില്ല. |

2. മാമ്മോന്റെ അനീതി അതിന്റെ പ്രകൃതത്തോട് ബന്ധപ്പെട്ടിരിക്കുന്നു (വാ. 9, 11); സാത്താൻ കണ്ടുപിടിച്ച കാര്യമെന്ന നിലയിൽ, ദൈവമുമ്പാകെ മാമ്മോന്റെ പ്രകൃതം ദൈവത്തിന്റെ എല്ലാ വശത്തോടും പൂർണമായും പൊരുത്തപ്പെടാത്തതാണ്, അതിനാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ അതിന്റെ പ്രകൃതം അനീതിയുള്ളതാണ്.

| | |
|---|---|
| ലൂക്കൊ. 16:9 | ഞാൻ നിങ്ങളോടു പറയുന്നു, അനീതിയുടെ മാമ്മോനെക്കൊണ്ട് നിങ്ങൾക്കായിത്തന്നെ സ്നേഹിതരെ ഉണ്ടാക്കിക്കൊള്ളുവിൻ, അത് ഇല്ലാതാകുമ്പോൾ, അവർ നിങ്ങളെ നിത്യ കൂടാരങ്ങളിലേക്കു സ്വീകരിക്കേണ്ടതിനു തന്നെ. |
| ലൂക്കൊ. 16:11 | അതുകൊണ്ട് നിങ്ങൾ അനീതിയുള്ള മാമ്മോനിൽ വിശ്വസ്തരായില്ലെങ്കിൽ, സത്യമായത് നിങ്ങളെ ആർ ഭരമേൽപ്പിക്കും? |

3. മനുഷ്യൻ ദൈവത്തെ ആരാധിക്കുമോ അതോ മാമ്മോനെ ആരാധിക്കുമോ എന്നതാണ് പ്രപഞ്ചത്തിലെ തർക്കം—മത്താ. 4:9-10; 6:24.

| | |
|---|---|
| മത്താ. 4:9 | അവൻ അവനോട്, നീ വീണ് എന്നെ ആരാധിച്ചാൽ ഇവയെല്ലാം ഞാൻ നിനക്കു നൽകാം എന്നു പറഞ്ഞു. |
| മത്താ. 4:10 | അപ്പോൾ യേശു അവനോട്, കടന്നുപോ സാത്താനേ! എന്തെന്നാൽ "നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കുകയും അവനെ മാത്രം നീ സേവിക്കുകയും ചെയ്യും" എന്ന് എഴുതിയിരിക്കുന്നു എന്നു പറഞ്ഞു. |
| മത്താ. 6:24 | രണ്ടു യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴിയുകയില്ല; ഒന്നുകിൽ അവൻ ഒരുവനെ വെറുക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ അവൻ ഒരുവനെ പിടിക്കുകയും മറ്റവനെ |

നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും സേവിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല.

4. ദൈവത്തെ സേവിക്കുന്നതിനുള്ള പ്രഥമവും പ്രധാന വുമായ നിബന്ധന മാമ്മോനിൽനിന്നുള്ള മോചനമാണ് —വാ. 21, 24; ലൂക്കൊ. 16:13; എബ്രാ. 13:5.

| | |
|---|---|
| മത്താ. 6:21 | എന്തെന്നാൽ നിന്റെ നിക്ഷേപം എവിടെ ആകുന്നുവോ, അവിടെ നിന്റെ ഹൃദയവും ഇരിക്കും. |
| മത്താ. 6:24 | രണ്ടു യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴിയുകയില്ല; ഒന്നുകിൽ അവൻ ഒരുവനെ വെറുക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ അവൻ ഒരുവനെ പിടിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും സേവിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല. |
| ലൂക്കൊ. 16:13 | ഒരു വീട്ടുഭൃത്യനും രണ്ടു യജമാനന്മാരെ സേവിക്കുവാൻ കഴിയുകയില്ല; ഒന്നുകിൽ അവൻ ഒരുവനെ വെറുക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും, അല്ലെങ്കിൽ അവൻ ഒരുവനെ മുറുകെപ്പിടിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും നിങ്ങൾക്കു സേവിക്കുവാൻ കഴിയുകയില്ല. |
| എബ്രാ. 13:5 | ഉള്ളതിൽ തൃപ്തിപ്പെട്ടുകൊണ്ട് നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹം ഇല്ലാത്തതായിരിക്കട്ടെ; "ഞാൻ ഒരുവിധത്തിലും നിന്നെ കൈവിടുകയില്ല നിന്നെ ഉപേക്ഷിക്കുകയുമില്ല", എന്ന് അവൻതന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ; |

D. "നിങ്ങളുടെ ജീവനായിട്ട് വിചാരപ്പെടരുത്.... ഇവയെല്ലാം ജാതികൾ വിചാരപ്പെട്ട് അന്വേഷിക്കുന്നു.... നാളേക്കായി വിചാരപ്പെടരുത്"—മത്താ. 6:25, 32, 34:

1. നമ്മുടെ മനുഷ്യ ജീവൻ വ്യാകുലതയുടെ ജീവനും വ്യാകുലതയാൽ സംരചിക്കപ്പെട്ടതുമാണ് —വാ. 32.

| | |
|---|---|
| മത്താ. 6:32a | എന്തെന്നാൽ ഇവയെല്ലാം ജാതികൾ വിചാരപ്പെട്ട് അന്വേഷിക്കുന്നു... |

2. ദിവ്യ ജീവനിലും ദിവ്യ പ്രകൃതത്തിലും വ്യാകുലതയില്ല; ദൈവത്തിന്റെ ജീവൻ ആസ്വാദനത്തിന്റെയും വിശ്രമത്തിന്റെയും ആശ്വാസത്തിന്റെയും സംതൃപ്തിയുടെയും ജീവനാണ്—ഫിലി. 4:6-7; 1 പത്രൊ. 5:7.

| | |
|---|---|
| ഫിലി. 4:6 | ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ; |
| ഫിലി. 4:7 | സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും. |
| 1 പത്രൊ. 5:7 | നിങ്ങളെ സംബന്ധിച്ച് അവനു കാര്യമുള്ളതിനാൽ നിങ്ങളുടെ സകല വ്യാകുലതയും അവന്റെമേൽ എറിഞ്ഞുകൊണ്ടുതന്നെ. |

3. നമ്മുടെ ഉപജീവനം നിലനിർത്തുവാൻ ജോലി ചെയ്യുക എന്ന മാനുഷിക കടമ നിറവേറ്റുമ്പോൾ, നമ്മുടെ വ്യാകുലത നിമിത്തം നാം ഒന്നും ചെയ്യരുത്, കാരണം വ്യാകുലത അറിയാത്ത ഒരു ദിവ്യജീവൻ നമുക്കുണ്ട്—ലൂക്കൊ. 12:25.

| | |
|---|---|
| ലൂക്കൊ. 12:25 | വിചാരപ്പെടുന്നതിലൂടെ നിങ്ങളിൽ ആർക്കു തന്റെ വലുപ്പത്തോട് ഒരു മുഴം കൂട്ടുവാൻ കഴിയും? |

4. രാജ്യജനം ഒരിക്കലും നാളെയിൽ ജീവിക്കരുത്, എപ്പോഴും ഇന്നിൽ ജീവിക്കണം—മത്താ. 6:34.

| | |
|---|---|
| മത്താ. 6:34 | അതുകൊണ്ടു നാളേക്കായി വിചാരപ്പെടരുത്, എന്തെന്നാൽ നാളത്തെ ദിവസം അതിനായിത്തന്നെ വിചാരപ്പെടും; അതതു ദിവസത്തിനു അതതിന്റെ തിന്മ മതി. |

5. നമ്മുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളം, നമ്മെ പരിപാലിക്കാൻ സ്വർഗീയ പിതാവ് താൻതന്നെയുണ്ട്; നമ്മുടെ ഭൗതിക ആവശ്യങ്ങൾ പരിപാലിക്കവേ, തന്റെ മൂലകത്തെ അവൻ നമ്മിലേക്ക് പകരുന്നു, അങ്ങനെ നാം ദിവ്യപകർച്ച അനുഭവമാക്കുന്നു—വാ. 32-33; യോഹ. 16:27; എഫെ. 1:3.

| | |
|---|---|
| മത്താ. 6:32 | എന്തെന്നാൽ ഇവയെല്ലാം ജാതികൾ വിചാരപ്പെട്ട് അന്വേഷിക്കുന്നു. ഇവയെല്ലാം നിങ്ങൾക്ക് ആവശ്യമുണ്ടെന്നു നിങ്ങളുടെ സ്വർഗീയ പിതാവ് അറിയുന്നു. |
| മത്താ. 6:33 | എന്നാൽ ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവിൻ, ഇവയെല്ലാം നിങ്ങൾക്കു കൂട്ടിച്ചേർക്കപ്പെടും. |
| യോഹ. 16:27 | ..., പിതാവുതന്നെയും നിങ്ങളെ സ്നേഹിക്കുന്നു. |
| എഫെ. 1:3 | സ്വർഗീയങ്ങളിലെ സകല ആത്മിക, അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചവനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവൻ വാഴ്ത്തപ്പെട്ടവൻ, |

II. **പിതാവിന്റെ നീതി രാജ്യത്തിന്റെ പുതിയ പ്രമാണം പാലിക്കുന്നതിലൂടെ ആവിഷ്കരിക്കപ്പെടുന്ന നീതിയാണ് (മത്താ. 5:20); ഈ നീതി രാജ്യജനം ജീവിച്ചു വെളിപ്പെടുത്തുന്ന ക്രിസ്തുവാണ്:**

| | |
|---|---|
| മത്താ. 5:20 | നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ, നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. |

A. പുതിയനിയമമനുസരിച്ച്, നീതിക്ക് നാല് പ്രധാന വശങ്ങളുണ്ട്:

1. നീതി എന്നത് ദൈവത്തിന്റെ നീതിപരവും കർക്കശവുമായ ആവശ്യകതകൾക്കൊത്തവണ്ണം വ്യക്തികളോടും വസ്തുക്കളോടും കാര്യങ്ങളോടും നീതി പുലർത്തുന്നതാണ്—മത്താ. 5:20.

| | |
|---|---|
| മത്താ. 5:20 | നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ, നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു |

പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

2. നീതി എന്നത് ജീവൻ നൽകുന്ന ആത്മാവായി നമ്മിൽ വസിക്കുന്ന ക്രിസ്തുവിന്റെ ബാഹ്യാവിഷ്കാരമാണ്—2 കൊരി. 3:9, 18; 1 കൊരി. 15:45:

| | |
|---|---|
| 2 കൊരി. 3:9 | ശിക്ഷാവിധിയുടെ ശുശ്രൂഷയിൽ തേജസ്സുണ്ടെങ്കിൽ, അതിലധികമായി നീതിയുടെ ശുശ്രൂഷ തേജസ്സുകൊണ്ട് സമൃദ്ധമാകുന്നു. |
| 2 കൊരി. 3:18 | എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു. |
| 1 കൊരി. 15:45 | ...;ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |

a. നമ്മിൽ ജീവിക്കുകയും നീങ്ങുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ സാരാംശമാണ് ആത്മാവ്, ദൈവത്തെ ആവിഷ്കരിക്കുവാനായി അവന്റെ സ്വരൂപമെന്ന നിലയിൽ ദൈവത്തിന്റെ സാരാംശം ബാഹ്യമായി വെളിവാകുന്നതാണ് നീതി—എഫെ. 4:24; കൊലൊ. 3:10.

| | |
|---|---|
| എഫെ. 4:24 | യാഥാർഥ്യത്തിന്റെ നീതിയിലും വിശുദ്ധിയിലും ദൈവാനുസൃതമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുകയും ചെയ്യുവിൻ. |
| കൊലൊ. 3:10 | തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ, |

b. നമ്മിലേക്ക് കൊത്തിവയ്ക്കപ്പെട്ടിരിക്കുന്ന ദിവ്യ സാരാംശത്തിന് ഒരു പ്രത്യേക ആവിഷ്കാരം ഉണ്ടായിരിക്കും, ഈ ആവിഷ്കാമാണ് നീതി—2 കൊരി. 3:3, 9; മത്താ. 5:20.

| | |
|---|---|
| 2 കൊരി. 3:3 | ഞങ്ങളാൽ ശുശ്രൂഷിക്കപ്പെട്ട ക്രിസ്തുവിന്റെ എഴുത്തായി നിങ്ങൾ വെളിവായിക്കൊണ്ടിരിക്കുന്നുവല്ലോ, മഷികൊണ്ടല്ല ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ തന്നെ, കൽപ്പലകകളിലല്ല മാംസഹൃദയപലകകളിൽ തന്നെ കൊത്തിവച്ചിരിക്കുന്നത്. |
| 2 കൊരി. 3:9 | ശിക്ഷാവിധിയുടെ ശുശ്രൂഷയിൽ തേജസ്സുണ്ടെങ്കിൽ, അതിലധികമായി നീതിയുടെ ശുശ്രൂഷ തേജസ്സുകൊണ്ട് സമൃദ്ധമാകുന്നു. |
| മത്താ. 5:20 | നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ, നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു |

പറയുന്നു.

3. നീതി ദൈവരാജ്യത്തിന്റെ വിഷയമാണ്—6:33:

മത്താ. 6:33 എന്നാൽ ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവിൻ, ഇവയെല്ലാം നിങ്ങൾക്കു കൂട്ടിച്ചേർക്കപ്പെടും.

a. ദൈവത്തിന്റെ സിംഹാസനം നീതിയെ അടിസ്ഥാനമാക്കി സ്ഥാപിച്ചിരിക്കുന്നു—സങ്കീ. 89:14; 97:2.

സങ്കീ. 89:14 നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കുന്നു.

സങ്കീ. 97:2 മേഘവും അന്ധകാരവും അവന്റെ ചുറ്റും ഇരിക്കുന്നു; നീതിയും ന്യായവും അവന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു.

b. നീതി ദൈവത്തിന്റെ ഭരണനിർവഹണത്തിനുവേണ്ടി ദൈവത്തിൽനിന്ന് പുറപ്പെടുന്നു, അതിനാൽ അത് ദൈവത്തിന്റെ വാഴ്ച്ചയോടും ഭരണത്തോടും ബന്ധപ്പെട്ടിരിക്കുന്നു—യെശ. 32:1.

യെശ. 32:1 ഒരു രാജാവു നീതിയോടെ വാഴും; പ്രഭുക്കന്മാർ ന്യായത്തോടെ അധികാരം നടത്തും.

c. നീതി ആദ്യം ദൈവത്തിന്റെ സ്വരൂപത്തിൽ പരിണമിക്കുകയും അതിനുശേഷം ദൈവരാജ്യം സ്ഥാപിക്കുകയും ചെയ്യുന്നു—റോമ. 8:4, 29; 14:17.

റോമ. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

റോമ. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

4. നീതി എന്നത് നമ്മുടെ ആളത്തത്തിൽ ദൈവത്തോട് നേരുള്ളവരായിരിക്കുന്നതാണ്—1 കൊരി. 15:34; 2 കൊരി. 5:21:

1 കൊരി. 15:34 നീതിയോടെ മദോന്മത്തതയിൽ നിന്ന് ഉണർന്ന് പാപം ചെയ്യാതിരിക്കുവിൻ, നിങ്ങളിൽ ചിലർ ദൈവത്തെക്കുറിച്ച് അജ്ഞരാകുന്നു. നിങ്ങൾക്ക് ലജ്ജയ്ക്കായി ഞാൻ സംസാരിക്കുന്നു.

2 കൊരി. 5:21 പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആയിത്തീരേണ്ടതിന്, അവൻ നമുക്കു പകരം പാപമാക്കി.

a. നമ്മുടെ ആളത്തത്തിൽ ദൈവത്തോട് നേരുള്ളവരായിരിക്കുക എന്നാൽ സുതാര്യവും, സ്ഫടിക സ്വച്ഛവുമായ ഒരു ആന്തരിക ആളത്തം—ദൈവത്തിന്റെ മനസ്സിലും ഇച്ഛയിലും ഉള്ള ഒരു ആന്തരിക ആളത്തം—ഉണ്ടായിരിക്കുന്നതാണ് —വെളി. 21:11, 18, 21; 22:1.

| | |
|---|---|
| വെളി. 21:11 | അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു. |
| വെളി. 21:18b | ...നഗരം സ്വച്ഛമായ കണ്ണാടിപോലെ, ശുദ്ധതങ്കമായിരുന്നു. |
| വെളി. 21:21 | പന്ത്രണ്ടു കവാടങ്ങൾ പന്ത്രണ്ടു മുത്തുകൾ ആയിരുന്നു; ഓരോ കവാടവും ഓരോ മുത്തുകൊണ്ടുള്ളതായിരുന്നു. നഗരത്തിന്റെ വീഥി സുതാര്യമായ കണ്ണാടിപോലെ ശുദ്ധതങ്കം ആയിരുന്നു. |
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |

b. ഈ വിധത്തിൽ നീതിമാനായിരിക്കുന്നത് ക്രിസ്തുവിൽ ദൈവത്തിന്റെ നീതിയായിത്തീരുന്നതാണ്—2 കൊരി. 5:21.

| | |
|---|---|
| 2 കൊരി. 5:21 | പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആയിത്തീരേണ്ടതിന്, അവൻ നമുക്കു പകരം പാപമാക്കി. |

B. വിശ്വാസികൾക്ക് ക്രിസ്തു നീതിയായിരിക്കുന്നതിന് രണ്ട് വശങ്ങളുണ്ട്:

1. ദൈവത്തോട് അനുതപിച്ച് ക്രിസ്തുവിൽ വിശ്വസിക്കുന്ന സമയത്ത് ദൈവമുമ്പാകെ വസ്തുനിഷ്ഠമായി നീതീകരിക്കപ്പെടുവാൻ ക്രിസ്തു വിശ്വാസികളുടെ നീതിയാണ്—റോമ. 3:24-26; പ്രവൃ. 13:39; ഗലാ. 3:24, 27.

| | |
|---|---|
| റോമ. 3:24 | ക്രിസ്തു യേശുവിലുള്ള വീണ്ടെടുപ്പ് മുഖാന്തരം അവന്റെ കൃപയാൽ സൗജന്യമായി നീതീകരിക്കപ്പെടുന്നു; |
| റോമ. 3:25 | അവൻ നീതിമാനും യേശുവിന്റെ വിശ്വാസത്തിൽനിന്നുള്ളവനെ നീതീരിക്കുന്നവനും ആകത്തക്കവണ്ണം, ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പിക്കുവാനുള്ള വീക്ഷണത്തോടുകൂടി, |
| റോമ. 3:26 | അവന്റെ രക്തത്തിലുള്ള വിശ്വാസം മുഖാന്തരം, തന്റെ നീതിയുടെ പ്രദർശനത്തിനായി, ദൈവം അവനെ അനുനയ സ്ഥലമാക്കിവച്ചു, അതിനാൽ ദൈവം തന്റെ സഹിഷ്ണുതയിൽ മുമ്പുണ്ടായ പാപങ്ങളുടെ മേൽ കടന്നുപോയി. |
| പ്രവൃ. 13:39 | മോശെയുടെ ന്യായപ്രമാണത്താൽ നിങ്ങൾക്ക് നീതീകരിക്കപ്പെടുവാൻ കഴിയാത്ത സകല |

| | |
|---|---|
| | കാര്യങ്ങളിൽനിന്നും, ഇവനിൽ വിശ്വസിക്കുന്ന ഏവനും നീതീകരിക്കപ്പെടുന്നു എന്നും നിങ്ങൾ അറിഞ്ഞിരിക്കട്ടെ. |
| ഗലാ. 3:24 | അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ക്രിസ്തുവിങ്കലേക്ക് നടത്തുന്ന നമ്മുടെ ശിശുപാലകനായിത്തീർന്നു. |
| ഗലാ. 3:27 | ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ. |

2. ദൈവത്തിന്റെ പ്രത്യക്ഷതയായി വിശ്വാസികളിൽനിന്ന് ജീവിച്ചു വെളിപ്പെടുന്ന അവരുടെ നീതിയാണ് ക്രിസ്തു, അത് അവർ ദൈവത്താൽ വ്യക്തിനിഷ്ഠമായി നീതീകരിക്കപ്പെടുവാൻ വിശ്വാസികൾക്ക് നൽകപ്പെട്ട ക്രിസ്തുവിലുള്ള നീതിയാണത്—റോമ. 4:25; 1 പത്രൊ. 2:24; യാക്കോ. 2:24; മത്താ. 5:20; വെളി. 19:8.

| | |
|---|---|
| റോമ. 4:25 | അവനെ നമ്മുടെ അതിക്രമങ്ങൾക്കായി ഏൽപ്പിക്കുകയും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിക്കുകയും ചെയ്തു. |
| 1 പത്രൊ. 2:24 | നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു ജീവിക്കേണ്ടതിന്, അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു. |
| യാക്കോ. 2:24 | മനുഷ്യൻ വിശ്വാസത്താൽ മാത്രമല്ല പ്രവൃത്തികളാലും നീതീകരിക്കപ്പെടുന്നു എന്ന് നിങ്ങൾ കാണുന്നു. |
| മത്താ. 5:20 | നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ, നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. |
| വെളി. 19:8 | അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു. |

3. ഈ രണ്ട് വശങ്ങളും ലൂക്കൊസ് 15:22-23-ൽ കാണുന്ന മേൽത്തരമായ മേലങ്കിയാലു തടിപ്പിച്ച കാളക്കുട്ടിയാലും മുൻകുറിക്കപ്പെടുന്നു:

| | |
|---|---|
| ലൂക്കൊ. 15:22 | എന്നാൽ പിതാവു തന്റെ അടിമകളോടു പറഞ്ഞു, മേൽത്തരമായ ആ മേലങ്കി പെട്ടെന്നു പുറത്തു കൊണ്ടുവന്ന് അവന്റെ മേൽ ഇടുവിൻ, അവന്റെ കൈയിൽ മോതിരവും പാദങ്ങളിൽ ചെരുപ്പുകളും ഇടുവിൻ. |
| ലൂക്കൊ. 15:23 | തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവരുവിൻ; അതിനെ അറുക്കുവിൻ, നമുക്കു ഭക്ഷിച്ച് ആനന്ദിക്കാം, |

a. മേൽത്തരമായ മേലങ്കി, ദൈവമുമ്പാകെയുള്ള അവരുടെ വസ്തുനിഷ്ഠമായ നീതിയെന്ന നിലയിൽ വിശ്വാസികളെ ബാഹ്യമായി മൂടുന്നതിന് അവർക്ക് നൽകപ്പെട്ട ദൈവത്തിന്റെ നീതിയായ ക്രിസ്തുവിനെ മുൻകുറിക്കുന്നു.

b. തടിപ്പിച്ച കാളക്കുട്ടി, വിശ്വാസികൾക്ക് അവരുടെ വ്യക്തിനിഷ്ഠമായ നീതിയെന്ന നിലയിൽ ക്രിസ്തുവിൽ ദൈവത്തെ ജീവിച്ചു വെളിപ്പെടുത്തുന്നതിനായി അവരുടെ ജീവസഹായമായി നൽകപ്പെട്ട ദൈവത്തിന്റെ നീതിയായ ക്രിസ്തുവിനെ മുൻകുറിക്കുന്നു.

C. "നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം നൽകും"—2 തിമൊ. 4:8:

1. ഓട്ടം ജയകരമായി ഓടുന്നവന്, കർത്താവിന്റെ രക്ഷയ്ക്ക് പുറമേ മഹത്വത്തിന്റെ പ്രതീകമായ കിരീടവും, ഒരു സമ്മാനമായി നൽകപ്പെടുന്നു—1 കൊരി. 9:25.

| | |
|---|---|
| 1 കൊരി. 9:25 | മത്സരിക്കുന്ന ഏവനും സകല കാര്യങ്ങളിലും ആത്മനിയന്ത്രണം അഭ്യസിക്കുന്നു; അവർക്ക് നശ്വരമായ കിരീടവും, നമുക്ക് അനശ്വരമായതും ലഭിക്കേണ്ടതിനു തന്നെ. |

2. കൃപയാലും വിശ്വാസത്താലുമുള്ള രക്ഷയിൽനിന്ന് വ്യത്യസ്തമായി (എഫെ. 2:5, 8-9), ഈ സമ്മാനം കൃപയാലുമല്ല വിശ്വാസത്താലുമല്ല, പിന്നെയോ പ്രവൃത്തി മുഖാന്തരമുള്ള നീതിയാലാണ് (മത്താ. 16:27; വെളി. 22:12; 2 കൊരി. 5:10).

| | |
|---|---|
| എഫെ. 2:5 | നാം അതിക്രമങ്ങളിൽ മരിച്ചവരായിരുന്നപ്പോൾത്തന്നെ, നമ്മെ, ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും (കൃപയാൽ ആകുന്നു നിങ്ങൾ രക്ഷിക്കപ്പെട്ടത്), |
| എഫെ. 2:8 | എന്തെന്നാൽ കൃപയാൽ നിങ്ങൾ വിശ്വാസം മുഖാന്തരം രക്ഷിക്കപ്പെട്ടിരിക്കുന്നു, ഇത് നിങ്ങളിൽനിന്നല്ല; ഇത് ദൈവത്തിന്റെ ഉപഹാരമാകുന്നു; |
| എഫെ. 2:9 | ആരും പ്രശംസിക്കാതിരിക്കേണ്ടതിന് പ്രവൃത്തികളിൽനിന്നും അല്ല. |
| മത്താ. 16:27 | എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു, അപ്പോൾ അവൻ ഓരോരുത്തനും തന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിത്തരും. |
| വെളി. 22:12 | ഇതാ, ഞാൻ വേഗം വരുന്നു, ഓരോരുത്തനും അവന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിക്കൊടുക്കുവാൻ എന്റെ പക്കൽ എന്റെ പ്രതിഫലമുണ്ട്. |
| 2 കൊരി. 5:10 | എന്തെന്നാൽ ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ, നന്മയായാലും തിന്മയായാലും, താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിവാകേണ്ടതാകുന്നു. |

3. കർത്താവിന്റെ കൃപയ്ക്കൊത്തവണ്ണമല്ല, പിന്നെയോ, അവന്റെ നീതിക്കൊത്തവണ്ണം വിശ്വാസികൾക്ക് ഇത്തരം പ്രതിഫലം നൽകപ്പെടും; അതിനാൽ, അത് നീതിയുടെ കിരീടമാണ്—2 തിമൊ. 4:8.

| | |
|---|---|
| 2 തിമൊ. 4:8 | ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ. |

**ശിശ്രൂഷയിൽനിന്നുള്ളഉദ്ധരണികൾ:**

## രാജ്യജനത്തിന്റെ ഭൗതിക സമ്പത്തിനെ സംബന്ധിച്ച്

### ഭൂമിയിലല്ല, സ്വർഗത്തിൽ നിക്ഷേപം സ്വരൂപിക്കുന്നു

രാജ്യജനം തങ്ങൾക്കായി ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കരുത്, മറിച്ച് സ്വർഗത്തിൽ സ്വരൂപിക്കണമെന്ന് 19-ഉം 20-ഉം വാക്യങ്ങളിൽ രാജാവ് വിളംബരം ചെയ്യുന്നു. സ്വർഗത്തിൽ നിക്ഷേപം സ്വരൂപിക്കുന്നത് ദരിദ്രർക്ക് ഭൗതിക വസ്തുക്കൾ നൽകുന്നതും (19:21), ആവശ്യത്തിലിരിക്കുന്ന വിശുദ്ധന്മാർക്കുവേണ്ടിയും (പ്രവൃ. 2:45; 4:34-35; 11:29; റോമ. 15:26) കർത്താവിന്റെ ദാസന്മാർക്കുവേണ്ടിയും കരുതുന്നതുമാണ് (ഫിലി. 4:16-17).

### *നിക്ഷേപം ഉള്ളിടത്ത് ഹൃദയം ഇരിക്കുന്നു*

വാക്യം 21 പറയുന്നു, "എന്തെന്നാൽ നിന്റെ നിക്ഷേപം എവിടെയാകുന്നുവോ അവിടെ നിന്റെ ഹൃദയവും ഇരിക്കും." രാജ്യജനത്തിന്റെ ഹൃദയം സ്വർഗത്തിലായിരിക്കത്തവണ്ണം അവരുടെ നിക്ഷേപം അവർ സ്വർഗത്തിലേക്ക് അയയ്ക്കണം. അവർ അവിടെ പോകുന്നതിനുമുമ്പ് അവരുടെ നിക്ഷേപവും അവരുടെ ഹൃദയവും ആദ്യം അവിടെ പോകണം.

### *കണ്ണ് ഏകാഗ്രവും മുഴുവൻ ശരീരം പ്രകാശിക്കുന്നതും ആയിരിക്കുന്നത്*

വാക്യം 22 പറയുന്നു, "ശരീരത്തിന്റ വിളക്ക് കണ്ണ് ആകുന്നു. അതുകൊണ്ട്, നിന്റെ കണ്ണ് ഏകാഗ്രമെങ്കിൽ നിന്റെ ശരീരം മുഴുവനും വെളിച്ചത്താൽ നിറഞ്ഞതായിരിക്കും." നമ്മുടെ കണ്ണുകൾക്ക് ഒരു സമയത്ത് ഒരു വസ്തുവിൽ മാത്രമേ കേന്ദ്രീകരിക്കുവാൻ കഴിയുകയുള്ളൂ. ഒരേ സമയം രണ്ടു വസ്തുക്കളെ കാണുവാൻ നാം പരിശ്രമിക്കുന്നുവെങ്കിൽ, നമ്മുടെ കാഴ്ച മങ്ങിപ്പോകും. ഒരു വസ്തുവിന്മേൽ നമ്മുടെ കണ്ണുകളെ നാം കേന്ദ്രീകരിക്കുന്നുവെങ്കിൽ, നമ്മുടെ കാഴ്ച ഏകാഗ്രമായിരിക്കുകയും, നമ്മുടെ മുഴുവൻ ശരീരം പ്രകാശിക്കുന്നതായിരിക്കുകയും ചെയ്യും. നമ്മുടെ നിക്ഷേപം നാം സ്വർഗത്തിലും ഭൂമിയിലും സ്വരൂപിക്കുന്നുവെങ്കിൽ, നമ്മുടെ കാഴ്ച മങ്ങിയിരിക്കും. നമുക്ക് ഏകാഗ്രമായ കാഴ്ച ഉണ്ടായിരിക്കണമെങ്കിൽ നമ്മുടെ നിക്ഷേപം ഒരു സ്ഥലത്ത് നാം സ്വരൂപിക്കണം.

### *കണ്ണ് തിന്മയുള്ളതും മുഴുവൻ ശരീരം ഇരുണ്ടതും ആയിരിക്കുന്നു*

വാക്യം 23 പറയുന്നു, "എന്നാൽ നിന്റെ കണ്ണ് തിന്മയുള്ളതെങ്കിൽ, നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും. അപ്പോൾ നിന്നിലുള്ള വെളിച്ചം ഇരുട്ടാണെങ്കിൽ ഇരുട്ട് എത്ര വലുത്!" രണ്ടു വസ്തുക്കളെ ഒരേ സമയം കാണുന്നത് നമ്മുടെ

കണ്ണിനെ തിന്മയുള്ളതാക്കുന്നതാണ്. അങ്ങനെ, നമ്മുടെ മുഴുവൻ ശരീരം ഇരുണ്ടതായിരിക്കും. നമ്മുടെ ഹൃദയം ഭൂമിയിൽ സ്വരൂപിച്ചിരിക്കുന്ന നിക്ഷേപത്തിൽ കേന്ദ്രീകരിക്കുന്നുവെങ്കിൽ, നമ്മിലുള്ള വെളിച്ചം ഇരുട്ടായിത്തീരുകയും, ഇരുട്ട് വലുതായിരിക്കുകയും ചെയ്യും.

**B.രണ്ട് യജമാനന്മാരെ സേവിക്കുവാൻ കഴിയാതിരിക്കുന്നു**

വാക്യം 24 പറയുന്നു, "രണ്ടു യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴിയുകയില്ല; ഒന്നുകിൽ അവൻ ഒരുവനെ വെറുക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ, അവൻ ഒരുവനെ പിടിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും സേവിക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല." മാമ്മോൻ എന്ന പദം ധനത്തെ, അഥവാ സമ്പത്തിനെ സൂചിപ്പിക്കുന്ന ഒരു അരാമ്യ പദമാണ്. ഇവിടെ ദൈവത്തിനെതിരായി നിൽക്കുന്ന മാമ്മോൻ സൂചിപ്പിക്കുന്നത്, ദൈവത്തോടുള്ള ദൈവജനത്തിന്റെ സേവനത്തെ കവർന്നെടുക്കുന്ന ദൈവത്തിന്റെ എതിരാളിയാണ് ധനം അഥവാ സമ്പത്ത് എന്നാണ്.

**നമ്മുടെ ജീവിതത്തെക്കുറിച്ച് വിചാരപ്പെടാതിരിക്കുന്നു**

***ജീവൻ ആഹാരത്തെക്കാളും ശരീരം വസ്ത്രത്തെക്കാളും വലുതാകുന്നു***

വാക്യം 25 പറയുന്നു, "ഇക്കാരണത്താൽ ഞാൻ നിങ്ങളോടു പറയുന്നു, എന്തു ഭക്ഷിക്കും അല്ലെങ്കിൽ എന്തു കുടിക്കും എന്ന് നിങ്ങളുടെ ജീവനായിട്ടും, എന്തു ധരിക്കും എന്ന് നിങ്ങളുടെ ശരീരത്തിനായിട്ടും വിചാരപ്പെടരുത്; ജീവൻ ഭക്ഷണത്തെക്കാളും ശരീരം വസ്ത്രത്തെക്കാളും വലുതല്ലയോ?" നമ്മുടെ ജീവിതത്തെക്കുറിച്ച് നാം വിചാരപ്പെടരുതെന്ന് ഈ വാക്യത്തിൽ കർത്താവ് നമ്മോടു പറയുന്നു. "ജീവൻ" എന്നതിനുള്ള യവനപദം ഇവിടെ ദേഹിയാണ്; അതിലാണ് ഭക്ഷണത്തിനും വസ്ത്രത്തിനും വേണ്ടിയുള്ള ആഗ്രഹം, അഥവാ ആസക്തി ഉള്ളത് (യെശ. 29:8). നമ്മുടെ ജീവൻ ഭക്ഷണത്തെക്കാളും നമ്മുടെ ശരീരം വസ്ത്രത്തെക്കാളും വലുതാണ്. നമ്മുടെ ജീവനും നമ്മുടെ ശരീരവും, രണ്ടും നമ്മുടെ ആകുലതയാലല്ല, ദൈവത്താലാണ് നിലവിൽ വന്നത്. ദൈവം നമ്മെ ഒരു ജീവനോടും ഒരു ശരീരത്തോടുംകൂടെ സൃഷ്ടിച്ചതുകൊണ്ട്, തീർച്ചയായും അവയുടെ ആവശ്യത്തിനുവേണ്ടി അവൻ കരുതും. ഈ കാര്യങ്ങളെക്കുറിച്ച് രാജ്യജനം വിചാരപ്പെടേണ്ട ആവശ്യമില്ല.

***ഭക്ഷിക്കുന്നതിനെയും, കുടിക്കുന്നതിനെയും, വസ്ത്രത്തെയും കുറിച്ച് വിചാരപ്പെടാതിരിക്കുന്നു***

വാക്യം 31 പറയുന്നു, "അതുകൊണ്ട്, നാം എന്തു ഭക്ഷിക്കും? എന്നോ, നാം എന്തു കുടിക്കും? എന്നോ, നാം എന്ത് ഉടുക്കും? എന്നോ പറഞ്ഞുകൊണ്ട് നിങ്ങൾ വിചാരപ്പെടരുത്." ഇവിടെ 19 മുതൽ 34 വരെയുള്ള വാക്യങ്ങളിലെ നിർണ്ണായകമായ വിഷയത്തിലേക്ക് നാം വരുന്നു. പ്രത്യക്ഷത്തിൽ, ഭരണഘടനയുടെ ഈ ഭാഗത്ത് ഭൗതിക ധനത്തോട് രാജ്യജനം ഇടപെടുന്നതിനെക്കുറിച്ച് കർത്താവ് സംസാരിക്കുന്നു. വാസ്തവത്തിൽ, വിചാരപ്പെടുന്ന വിഷയത്തോടാണ് അവൻ ഇടപെടുന്നത്. കർത്താവ് ജ്ഞാനിയാണ്. നമ്മുടെ കോപത്തെയും, മോഹത്തെയും, സ്വാഭാവിക ആളത്തത്തെയും, സ്വയത്തെയും, ജഡത്തെയും സ്പർശിച്ചതിനുശേഷം അവൻ നമ്മുടെ ആകുലതയെ സ്പർശിക്കുവാൻ മുമ്പോട്ടു പോകുന്നു. ഈ വാക്യങ്ങളിൽ "വിചാരപ്പെടുക" എന്ന പദം ആറു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (വാ. 25, 27, 28, 31,

34). കർത്താവ് നമ്മുടെ ഹൃദയത്തെയും സ്പർശിക്കുന്നുവെന്നു തോന്നാം, കാരണം നമ്മുടെ നിക്ഷേപം എവിടെയാണോ, അവിടെ നമ്മുടെ ഹൃദയവും ഉണ്ട്. എങ്കിലും, നമ്മുടെ ഹൃദയം ധനത്തോടു മാത്രമല്ല, മറ്റനവധി കാര്യങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു.

സ്വർഗരാജ്യത്തിന്റെ ഭരണഘടന പിതാവിന്റെ ജീവനാലും പ്രകൃതത്താലും സംരചിക്കപ്പെട്ടതാണ്. വാസ്തവത്തിൽ "ജീവൻ," "പ്രകൃതം" എന്നീ പദങ്ങൾ ഈ അധ്യായങ്ങളിൽ ഉപയോഗിച്ചിട്ടില്ലെങ്കിലും, പിതാവിന്റെ ജീവനെയും പ്രകൃതത്തെയും കൂടാതെ ഈ അധ്യായങ്ങൾ വ്യർഥമാണെന്ന് ഇതിലുള്ള സന്ദർഭത്തിൽനിന്നും നമുക്ക് കാണുവാൻ കഴിയും. പിതാവിന്റെ ജീവനും പ്രകൃതവുമില്ലാതെ സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ ആവശ്യകതകൾ നിറവേറ്റുവാൻ ആർക്കും കഴിയുകയില്ല. ഏതു ഭരണഘടനയും ഒരു പ്രത്യേക തരത്തിലുള്ള ജീവനിൽ അടിസ്ഥാനപ്പെട്ടതാണ്. നായ്ക്കൾക്കുവേണ്ടി ഒരു ഭരണഘടന ഉണ്ടാക്കുവാൻ നിങ്ങൾ ഉദ്ദേശിക്കുന്നു എന്നു കരുതുക. അങ്ങനെയുള്ള ഒരു ഭരണഘടന സംശയമെന്യേ നായ്ജീവനെ അടിസ്ഥാനമാക്കിയായിരിക്കും. വായുവിൽ പറന്നുകൊണ്ട് ദിവസവും രാവിലെ നായ്ക്കൾ പ്രഭാതകാവൽ നടത്തണമെന്ന ഒരു ഭരണഘടന പുറപ്പെടുവിക്കുന്നത് യുക്തിരഹിതമായിരിക്കും. നായ്ക്കൾക്ക് പറക്കുവാൻ കഴിയാത്തതുകൊണ്ട് അങ്ങനെയുള്ള ഒരു അനുശാസനം നിറവേറ്റുവാൻ അവയ്ക്ക് കഴിയുകയില്ല. എന്നാൽ കുരച്ചുകൊണ്ട് പ്രഭാതകാവൽ നടത്തണമെന്ന് നായ്ക്കളോട് ഭരണഘടന പറഞ്ഞുവെങ്കിൽ, പ്രശ്നമൊന്നും ഉണ്ടായിരിക്കുകയില്ല. ഇതേ രീതിയിൽ മലയിൽവച്ച് കർത്താവായ യേശു നൽകിയ ഭരണഘടന ദൈവത്തിന്റെ പുത്രന്മാർക്കുവേണ്ടിയും, അത് പിതാവിന്റെ ജീവനെയും പ്രകൃതത്തെയും അടിസ്ഥാനമാക്കിയും ആയിരുന്നു. അഞ്ചാം അധ്യായത്തിലെ രണ്ടു വാക്യങ്ങൾ ഈ വസ്തുതയെ സൂചിപ്പിക്കുന്നു. "സമാധാനം ഉണ്ടാക്കുന്നവർ അനുഗൃഹീതർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും" എന്ന് വാക്യം 9-ഉം, "ആകയാൽ നിങ്ങളുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നിങ്ങളും തികഞ്ഞവരാകുവിൻ" എന്ന് വാക്യം 48-ഉം പറയുന്നു.

ഇത് ദിവ്യജീവനെയും ദിവ്യപ്രകൃതത്തെയും അടിസ്ഥാനമാക്കിയിട്ടുള്ളതാണെന്ന് നിരവധി ക്രിസ്ത്യാനികൾ കണ്ടിട്ടില്ലാത്തതുകൊണ്ട് ഈ വേദഭാഗം അവർ മനസ്സിലാക്കുന്നില്ല. ഈ അധ്യായങ്ങൾ സകല മനുഷ്യരോടും സംസാരിച്ചതാണെന്നു ചിന്തിച്ചുകൊണ്ട്, അനേകം അവിശ്വാസികൾപോലും തങ്ങളുടെ എഴുത്തുകളിൽ ഈ അധ്യായങ്ങളിൽനിന്നുള്ള വാക്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ഇല്ല, നായ്ജീവന് പറക്കുവാൻ കഴിയാത്തതുപോലെതന്നെ, മനുഷ്യജീവന് സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ ആവശ്യകതകൾ നിറവേറ്റുവാൻ കഴിയുകയില്ല. ഇത് ദിവ്യജീവനിലും ദിവ്യപ്രകൃത്തിലും അടിസ്ഥാനപ്പെട്ട ഒരു ഭരണഘടനയാണ്.

ദിവ്യജീവനിലും ദിവ്യപ്രകൃതത്തിലും യാതൊരു ആകുലചിന്തയും ഇല്ല. കുരയ്ക്കുന്നത് പക്ഷിജീവനിലല്ല, നായ്ജീവനിലാണ് എന്നതുപോലെ, ആകുലചിന്ത ദിവ്യജീവനിലല്ല, മനുഷ്യജീവനിലാണുള്ളത്. നമ്മുടെ മനുഷ്യജീവൻ ആകുലചിന്തയുടെ ഒരു ജീവനാണ്, എന്നാൽ ദൈവത്തിന്റെ ജീവൻ ആസ്വാദനത്തിന്റെയും, വിശ്രമത്തിന്റെയും, ആശ്വാസത്തിന്റെയും, സംതൃപ്തിയുടെയും ജീവനാണ്. ദൈവത്തിന്, ആകുലചിന്തഒരു അപരിചിതമായ

പദമാണ്. അവന്റെ പക്കൽ ആകുലചിന്ത എന്ന ഒരു കാര്യമില്ല. ദൈവം എപ്പോഴെങ്കലും ആകുലചിന്തയുള്ളവനായിരിന്നിട്ടുണ്ടെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? അവൻ എപ്പോഴെങ്കിലും ആകുലചിന്തയാൽ ക്ലേശിതനായിട്ടുണ്ടോ? ദൈവത്തിന് നിരവധി ആഗ്രഹങ്ങൾ ഉണ്ടെങ്കിലും അവന് ആകുലചിന്തയില്ല. മറിച്ച്, നമ്മുടെ മനുഷ്യജീവൻ ഫലത്തിൽ ആകുലത നിറഞ്ഞതാണ്; അത് ആകുലചിന്തയാൽ സംരചിക്കപ്പെട്ടിരിക്കുന്നു. ഒരു മനുഷ്യനിൽനിന്ന് ആകുലചിന്തയെ എടുത്തുകളഞ്ഞാൽ ഫലം മരണമായിരിക്കും. മരിച്ച ഒരു മനുഷ്യന് യാതൊരു ആകുലചിന്തയുമില്ല. മെഴുകുമ്യൂസിയത്തിലെ ഒരു രൂപത്തിനോ ഒരു കത്തോലിക്കാ പള്ളിയുടെ മുമ്പിലുള്ള ഒരു പ്രതിമയ്ക്കോ ആകുലചിന്തയില്ല; എന്നാൽ നിങ്ങൾ ജീവനുള്ള ഒരു വ്യക്തിയായിരിക്കുന്നിടത്തോളം ആകുലതയിൽനിന്നും നിങ്ങൾക്ക് രക്ഷപ്പെടുവാൻ കഴിയുകയില്ല.

പുതിയനിയമത്തിൽ കർത്താവിന്റെ സംസാരത്തിന്റെ ശൈലി നാം പരിഗണിക്കുമെങ്കിൽ അപ്പൊസ്തലന്മാരുടെ സംസാരത്തിൽനിന്നും അത് തികച്ചും വ്യത്യസ്തമാണെന്ന് നാം കാണും. അപ്പൊസ്തലന്മാർ, പ്രത്യേകിച്ചും പൗലൊസ്, നിരവധി ആത്മിക പുസ്തകങ്ങൾ എഴുതി. നിരവധി ദിവ്യവും, ആത്മികവും, സ്വർഗീയവുമായ കാര്യങ്ങളെക്കുറിച്ച് പൗലൊസ് സംസാരിച്ചുവെങ്കിലും, അവന്റെ ശൈലി തീർച്ചയായും മാനുഷികമായിരുന്നു. പത്രൊസിന്റെയും യോഹന്നാന്റെയും എഴുത്തുകളും അങ്ങനെ തന്നെയാണ്. പുതിയനിയമ എഴുത്തുകാർ ആത്മികവും ദിവ്യവുമായ കാര്യങ്ങളെക്കുറിച്ച് എത്രയധികം സംസാരിച്ചിട്ടുണ്ടെങ്കിലും, അവരുടെ ശൈലി മാനുഷികമായി നിലകൊണ്ടു. എന്നാൽ പുതിയനിയമത്തിലുള്ള കർത്താവിന്റെ സംസാരശൈലി നിസ്തുലമാണ്. അതിനെ വിശദീകരിക്കുക തികച്ചും അസാധ്യമാണ്. മത്തായി 5, 6, 7, 13, 24, 25 എന്നീ അധ്യായങ്ങളും, യോഹന്നാൻ 14 മുതൽ 17 വരെയുള്ള അധ്യായങ്ങളും നിങ്ങൾ വായിക്കുന്നുവെങ്കിൽ കർത്താവിന്റെ സംസാരത്തിന്റെ ശൈലി അസാമാന്യമാണെന്ന് നിങ്ങൾ കാണും. അത് മാനുഷികമോ സാമാന്യമോ അല്ല; അത് അഗാധവും, എന്നാൽ സംക്ഷിപ്തവും, ലളിതവും, വിഷയത്തിൽ കേന്ദ്രീകൃതവും ആണ്. ഇത് ദിവ്യ ശൈലിയോടുകൂടെയുള്ള ദിവ്യ സംസാരമാണ്. നാലു സുവിശേഷങ്ങൾ വ്യാജങ്ങളായിരുന്നുവെങ്കിൽ അവയെ എഴുതിയ വ്യക്തി ക്രിസ്തു ആയിരിക്കുവാൻ യോഗ്യത നേടിയവനായിരുന്നു എന്നു പറഞ്ഞ ഒരു വലിയ ഫ്രഞ്ച് തത്ത്വചിന്തകന്റെ ഒരു പ്രസ്താവന ഞാൻ ചെറുപ്പമായിരുന്നപ്പോൾ വായിച്ചിട്ടുണ്ട്. ഈ വാക്കിനോട് ഞാൻ യോജിക്കുന്നു.

മത്തായി 6-ലുള്ള തന്റെ സംസാരത്തിൽ കർത്താവ് കാഴ്ചയിൽ ധനം എന്ന വിഷയത്തോട് ഇടപെടുകയാണ്. എന്നാൽ വാസ്തവത്തിൽ, മനുഷ്യജീവിതത്തിന്റെ അടിസ്ഥാന പ്രശ്നമായ ആകുലചിന്ത എന്ന വിഷയത്തെ അവൻ സ്പർശിക്കുന്നു. നാം കണ്ടതുപോലെ, 6:1-18-ൽ അവൻ കാഴ്ചയിൽ രാജ്യജനത്തിന്റെ നീതിപ്രവൃത്തികളോട് ഇടപെട്ടു; എന്നാൽ വാസ്തവത്തിൽ അവൻ സ്വയത്തെയും ജഡത്തെയും സ്പർശിക്കുകയായിരുന്നു. ഇത് എനിക്ക് അറിയാൻ ഇടവന്നത് പുസ്തകങ്ങൾ വായിച്ചതുകൊണ്ടല്ല, മറിച്ച് സഭാജീവിതത്തിലുള്ള എന്റെ അനുഭവത്തിൽനിന്നാണ്. നീതിപ്രവൃത്തികളുടെ ഒരു പ്രദർശനം നടത്തുന്നത് തീർച്ചയായും സ്വയത്തിലും ജഡത്തിലും നിന്നാണെന്ന് എന്റെ അനുഭവത്തിലൂടെ ഞാൻ മനസ്സിലാക്കി. നാം ക്രൂശിൽ

തുടരുകയാണെങ്കിൽ, അങ്ങനെയുള്ള ഒരു പ്രദർശനം നാം ഒരിക്കലും നടത്തുകയില്ല. ഇതേ തത്ത്വത്തിൽ, 6:19-34 നമ്മുടെ സമ്പത്തിനെയും, നമ്മുടെ ധനത്തെയും സ്പർശിക്കുന്നുവെന്നു തോന്നാം; വാസ്തവത്തിൽ ഇവിടെ കർത്താവിന്റെ ഉദ്ദേശ്യം നമ്മുടെ അനുദിന ജീവിതത്തിന്റെ പ്രശ്നങ്ങളുടെ ഉറവിടമായ ആകുലചിന്തയെ സ്പർശിക്കുക എന്നതാണ്. മുഴുവൻ ലോകവും ആകുലചിന്തയാൽ മുഴുകിയിരിക്കുന്നു. ലോകത്തെ ചലിപ്പിക്കുന്ന ഉപകരണമാണ് ആകുലചിന്ത. ഇത് എല്ലാ മാനുഷിക സംസ്കാരങ്ങൾക്കുമുള്ള ഉത്തേജനമാണ്. നമ്മുടെ ജീവിതത്തെ സംബന്ധിച്ച് ആകുലചിന്ത ഇല്ലായിരുന്നെങ്കിൽ, ആരും യാതൊന്നും ചെയ്യുമായിരുന്നില്ല. മറിച്ച്, എല്ലാവരും നിഷ്ക്രിയരായി ഇരിക്കുമായിരുന്നു. അങ്ങനെ, നമ്മുടെ ആകുലചിന്തയെ സ്പർശിക്കുന്നതിലൂടെ കർത്താവ് മനുഷ്യജീവന്റെ ചലിപ്പിക്കുന്ന ഉപകരണത്തെ സ്പർശിക്കുന്നു.

യുവാക്കൾ ഈ വാക്കു കേൾക്കുമ്പോൾ, അവർ പറയും, “ഹല്ലേലൂയ്യാ! കർത്താവായ യേശു മനുഷ്യജീവന്റെ ചലിപ്പിക്കുന്ന ഉപകരണമായ ആകുലചിന്തയെ സ്പർശിച്ചിരിക്കുന്നതുകൊണ്ട് നാം പഠിക്കുകയോ ജോലിചെയ്യുകയോ വേണ്ട. നമുക്ക് വിശക്കുമ്പോൾ ചില ഉച്ഛിഷ്ടങ്ങൾ കഴിക്കാം.” ഈ ധാരണ തെറ്റാണ്. 6:26-ൽ കർത്താവായ യേശു പറയുന്നു, “ആകാശത്തിലെ പറവകളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിലേക്ക് ശേഖരിക്കുന്നതുമില്ല, എങ്കിലും നിങ്ങളുടെ സ്വർഗീയ പിതാവ് അവയെ പോഷിപ്പിക്കുന്നു.” കർത്താവായ യേശു ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഞാൻ അവനോട് ചോദിക്കുമായിരുന്നു, “കർത്താവേ, നീ ഞങ്ങളെ പറവകളോട് ഉപമിക്കുന്നു. പറവകൾ വിതയ്ക്കുകയോ കൊയ്യുകയോ ചെയ്യുന്നില്ല; അവ ഒന്നും ചെയ്യാതെ ആകാശത്തിൽ പറക്കുക മാത്രം ചെയ്യുന്നു. കർത്താവേ, ഞങ്ങൾ യാതൊന്നും ചെയ്യേണ്ടെന്നാണോ ഇത് അർഥമാക്കുന്നത്? മനുഷ്യന്റെ അധ്വാനത്തിന്മേൽ പറവകൾ ജീവിക്കുന്നു. കർത്താവായ യേശുവേ, ഞങ്ങൾ മറ്റുള്ളവരുടെ അധ്വാനത്തെ മുതലെടുക്കണമെന്നാണോ നീ അർഥമാക്കുന്നത്? ഞങ്ങൾ ജോലിചെയ്യുന്നതിനെക്കുറിച്ച് മറക്കുകയും, ജീവിതം ആസ്വദിക്കുകയും മറ്റുള്ളവരുടെ അധ്വാനത്തെ മുതലെടുക്കുകയും ചെയ്തുകൊണ്ട് ആകാശത്തിലെ പറവകളായിരിക്കണമോ?” ഞാൻ ഇതുംകൂടി കർത്താവിനോടു ചോദിക്കും, “കർത്താവേ, നീ ഞങ്ങളെ ലില്ലിപുഷ്പങ്ങളോടും ഉപമിക്കുന്നു. ലില്ലിപുഷ്പങ്ങൾ യാതൊന്നും ചെയ്യുന്നില്ലെങ്കിലും ശലോമോനെക്കാൾ കൂടുതൽ മഹത്വത്തോടെ അണിഞ്ഞിരിക്കുന്നു (വാ. 28-30). ഞങ്ങൾ യാതൊന്നും ചെയ്യേണ്ടെന്നും, വായുവും സൂര്യപ്രകാശവും മണ്ണും വെള്ളവും ആസ്വദിക്കുകയും ചെയ്യണമെന്നുമാണോ നീ പറയുന്നത്?” ഇതാണ് കർത്താവായ യേശുവിന്റെ ഈ വാക്കുകൾ ഉദ്ധരിക്കുന്ന നിരവധി യുവാക്കൾ പിടിച്ചിരിക്കുന്ന ധാരണ. അവർ പറയുന്നു, “നമുക്ക് ആകാശത്തിലെ പറവകളും താഴ്|വരയിലെ ലില്ലിപുഷ്പങ്ങളും ആയിരിക്കാം.” ഇവിടെയുള്ള കർത്താവിന്റെ വാക്ക് മനസ്സിലാക്കുന്നത് പ്രയാസമാണ്. ഞാൻ പിന്നെയും പറയട്ടെ, കർത്താവ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഞാൻ അവനോട് ചോദിക്കുമായിരുന്നു, “മറ്റുള്ളവരുടെ അധ്വാനം മുതലെടുത്തുകൊണ്ട് ഞങ്ങൾ പറന്നുയരുന്ന പറവകളായിരിക്കണമോ? അവർ വിതയ്ക്കുകയും വിളകൾ വളർത്തുകയും ചെയ്യുന്നു, ഞങ്ങൾ അവയെ ആസ്വദിക്കുവാൻ വരുന്നു. ഇത് നിയമാനുസൃതമാണോ? ഇത് ന്യായമാണോ? എല്ലാ പറവകളും കള്ളന്മാരാണെന്ന് തോന്നുന്നു. എനിക്കൊരു ചെറിയ മുറ്റമേയുള്ളൂ; എന്നാൽ പക്ഷികൾ വന്ന് എന്റെ

മുറ്റത്ത് ഞാൻ വളർത്തുന്നതിൽനിന്നും മുതലെടുക്കുന്നു. ഇതേ കാര്യം ഞങ്ങൾ ചെയ്യണമെന്നാണോ നീ പറയുന്നത്?" യുവാക്കളുടെ മനഃശാസ്ത്രം അറിയുന്നതുകൊണ്ടാണ് ഞാൻ ഈ ചോദ്യങ്ങൾ ചോദിക്കുന്നത്. സ്കൂളിൽ നിരവധി വർഷങ്ങൾ ചിലവഴിച്ചതിനുശേഷം പഠിക്കുന്നതിൽ അവർ ക്ഷീണിച്ചിട്ടുണ്ടാകാം. അവർ അപ്പർ പ്രൈമറിയിൽനിന്നും ഹൈസ്കൂളിലേക്കും, ഹൈസ്കൂളിൽ നിന്നും ഹയർ സെക്കണ്ടറിയിലേക്കും, അവിടെനിന്നും കോളജിലേക്കും പോകുമ്പോൾ ജോലി വളരെ പ്രയാസമായിത്തീരുന്നു. ഇത്ര കഠിനമായി പഠിക്കുന്നതിനുപകരം ആകാശത്തിൽ പറക്കുന്ന പറവകളെപ്പോലെയായിരിക്കുവാൻ യുവാക്കൾ ഇഷ്ടപ്പെടുന്നുണ്ടാകും. യുവാക്കൾ സത്യസന്ധരാണെങ്കിൽ, ഇങ്ങനെയുള്ള ഒരു ധാരണ അവർക്കുണ്ടെന്ന് അവർ സമ്മതിക്കും.

ഇനി നമുക്ക് 19 മുതൽ 34 വരെയുള്ള വാക്യങ്ങളിലുള്ള കർത്താവിന്റെ ഉദ്ദേശ്യത്തെ നോക്കാം. യുവാക്കൾ സ്കൂൾ പഠനം പൂർത്തിയാക്കണമെന്നാണോ,അതോആകാശത്തിലെ പറവകളെപ്പോലെഅത്ഉപേക്ഷിക്കണമെന്നാണോ കർത്താവ് ഇച്ഛിക്കുന്നത്? ആകുലചിന്ത ഉണ്ടായിരിക്കുന്നത് തെറ്റാണ്, കാരണം ആകുലചിന്ത ദിവ്യജീവന്റേതല്ല. ദൈവജീവനിൽ യാതൊരു ആകുലചിന്തയുമില്ല. എങ്കിലും, നാം നമ്മുടെ കർത്തവ്യം ചെയ്യരുതെന്ന് കർത്താവ് അർഥമാക്കുന്നില്ല. കർത്താവ് യിസ്രായേൽമക്കളെ നല്ലദേശത്തിലേക്കു കൊണ്ടുവന്നപ്പോൾ അവരെല്ലാം ദേശത്തിൽ വേല ചെയ്യണമായിരുന്നു. അത് അവരുടെ കർത്തവ്യമായിരുന്നു. നല്ലദേശം സമ്പന്നമായ വിളവ് നൽകിയോ ഇല്ലയോ എന്നത് കാലാവസ്ഥ, സൂര്യപ്രകാശം, ശരിയായ അളവിലുള്ള മഴ, ശരിയായ താപനില മുതലായ നിരവധി കാര്യങ്ങളെ ആശ്രയിച്ചിരുന്നു. ഈ കാര്യങ്ങളൊന്നുംതന്നെ യിസ്രായേൽമക്കളുടെ നിയന്ത്രണത്തിൻ കീഴിലല്ലായിരുന്നു. അവരുടെ ഉത്തരവാദിത്വം ദേശത്ത് അധ്വാനിക്കുക മാത്രമായിരുന്നു. അവർ അധ്വാനിച്ചത് അവർക്കുവേണ്ടി മാത്രമായിരുന്നില്ല, പറവകൾക്കുവേണ്ടിയും കൂടിയായിരുന്നു. അവർ കൃഷിപ്പണി ചെയ്തിരുന്നില്ലെങ്കിൽ, പറവകൾക്ക് ജീവിക്കുവാൻ പ്രയാസമാകുമായിരുന്നു. അവരുടെ കർത്തവ്യം ചെയ്യുകയെന്നത് ശരിയും അനിവാര്യവുമായിരുന്നു, എന്നാൽ ആകുലചിന്ത ഉണ്ടായിരിക്കുന്നത് തെറ്റായിരുന്നു. ഇതുപോലെ, നാം ഇന്ന് നമ്മുടെ കർത്തവ്യം ചെയ്യണമെങ്കിലും, നമ്മുടെ ജീവിതത്തെക്കുറിച്ച് ആകുലചിന്തയില്ലാതെ അതു ചെയ്യണം. മറ്റുള്ളവർക്ക് കൊടുക്കുന്നതിൽ നിങ്ങൾ വളരെ വൈമനസ്യമുള്ളവരായിരിക്കുന്നതിനു കാരണം നിങ്ങളുടെ ആകുലചിന്തയാണ്. ആകുലത നിമിത്തം നിങ്ങൾ ഭൗതിക വസ്തുക്കളെ സ്നേഹിക്കുന്നു. നിങ്ങൾക്ക് ആകുലത ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾ ഭൗതിക വസ്തുക്കൾക്കുവേണ്ടി കരുതുകയില്ലായിരുന്നു. മറിച്ച്, മറ്റുള്ളവർ അത് എടുത്തുകൊള്ളുവാൻ നിങ്ങൾ അനുവദിക്കും. ആകുലചിന്തയാണ് നാം വിഷമിക്കുവാൻ ഇടയാക്കുന്നത്.

ദൈവത്തിന്റെ വ്യവസ്ഥയിൽ നാം എല്ലാവരും അധ്വാനിക്കുന്നവരായിരിക്കണം. നാം യിസ്രായേൽമക്കളെപ്പോലെയല്ല, കാരണം നല്ലദേശത്ത് നമുക്ക് അക്ഷരീയമായി വേല ചെയ്യുവാൻ കഴിയുകയില്ല. പകരം, യുവജനം ഇന്ന് പഠിക്കുകയും ഒരു നല്ല വിദ്യാഭ്യാസം കരസ്ഥമാക്കുകയും വേണം. പഠിക്കുന്നത് നിലമൊരുക്കുന്നതിനും, കോളജിൽനിന്നും ബിരുദമെടുക്കുന്നത് ഒരു

വിളവെടുക്കുന്നതിനും തുല്യമാണ്. യുവാക്കളേ, പഠിക്കുന്നത് നിങ്ങളുടെ കർത്തവ്യമാണ്; അതു നിങ്ങൾ ചെയ്തിരിക്കണം. പുരാതന കാലങ്ങളിൽ, യിസ്രായേൽമക്കൾ നിലം ഉഴുകയും, വിത്തു വിതയ്ക്കുകയും, നനയ്ക്കുകയും, കൊയ്യുകയും ചെയ്യണമായിരുന്നു. ഇതായിരുന്നു അവരുടെ കർത്തവ്യം. എന്നാൽ അവർക്ക് വിളവ് ലഭിച്ചോ ഇല്ലയോ എന്നത് ദൈവത്തെ ആശ്രയിച്ചിരുന്നു. അവരുടെ ഉത്തരവാദിത്വം യാതൊരു ആകുലചിന്തയുമില്ലാതെ അധ്വാനിക്കുക എന്നതായിരുന്നു. അവർ ആകുലചിന്ത ഉള്ളവരായിരുന്നുവെങ്കിൽ അത് ദൈവത്തോടുള്ള ഒരു കുറ്റമാകുമായിരുന്നു. ആകുലചിന്തയുള്ളവരായിരിക്കുവാൻ അവർക്ക് യാതൊരു ആവശ്യവും ഉണ്ടായിരുന്നില്ല. ദൈവം അവരോട് ചെയ്യുവാൻ ആവശ്യപ്പെട്ടത് അവർ ചെയ്യുക മാത്രമേ വേണ്ടിയിരുന്നുള്ളൂ. ഉദാഹരണത്തിന്, ആവർത്തനപുസ്തകമനുസരിച്ച് പത്തിലൊന്ന് ദൈവത്തിനുവേണ്ടിയും, മറ്റൊരു പത്തിലൊന്ന് ലേവ്യർക്കുവേണ്ടിയും, ഇനിയും ഒരു പത്തിലൊന്ന് വ്യത്യസ്തമായ ഒരു ആവശ്യത്തിനുവേണ്ടിയും മാറ്റിവയ്ക്കണമെന്ന് ദൈവം അവരോട് ആവശ്യപ്പെട്ടു. വിളവെല്ലാം അവരുടെ ആസ്വാദനത്തിനുവേണ്ടി സൂക്ഷിക്കുവാൻ അവരെ അനുവദിച്ചിരുന്നില്ല. അവർക്ക് യാതൊരു ആകുലചിന്തയും ഉണ്ടായിരിക്കുവാൻ പാടില്ലായിരുന്നു. അവർക്ക് യാതൊരു ആകുലചിന്തയും ഉണ്ടായിരുന്നില്ലെങ്കിൽ, മറ്റുള്ളവർക്ക് കൊടുക്കുവാനും, കർത്താവിന്റെ കരത്തിലേക്ക് അവരുടെ ഭൗതിക വസ്തുക്കൾ വയ്ക്കുവാനും മനസ്സുള്ളവരായി അവർ ഉദാരമനസ്കരായിരിക്കുമായിരുന്നു.

ഇങ്ങനെയുള്ള ഒരു വെളിച്ചത്തോടെ നാം 6:19-34 വായിക്കണം. ദൈവത്തിന്റെ സർവാധികാരത്തിൻ കീഴിൽ യിസ്രായേൽമക്കൾ ദേശത്തിൽ അധ്വാനിക്കണമായിരുന്നു. ദൈവത്തിന്റെ സർവാധികാരത്തിൻ കീഴിൽ ഇന്ന് യുവാക്കൾ പഠിക്കുകയും പഠനം പൂർത്തീകരിക്കുകയും വേണം. നമുക്ക് ശരിയായ സഭാജീവിതം ഉണ്ടായിരിക്കണമെങ്കിൽ, നമ്മുടെ എല്ലാ യുവാക്കളും കോളജ് വിദ്യാഭ്യാസം പൂർത്തീകരിക്കണം. കോളജ് വിദ്യഭാഭ്യാസം പൂർത്തീകരിക്കുവാൻ പരാജയപ്പെടുന്നത് ഒരു വിളവില്ലാതെ വിതയ്ക്കുന്നതു പോലെയാണ്. ഇന്ന് ഒരു ഉപജീവനം ഉണ്ടായിരിക്കുവാനുള്ള ആവശ്യകത നൂറുകണക്കിനു വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്നതിൽനിന്നും വളരെ വ്യത്യസ്തമാണ്. ഇന്ന് യുവാക്കൾ ശുഷ്കാന്തിയോയോടെ പഠിക്കുകയും, ഹൈസ്കൂളിൽനിന്നും കോളജിൽനിന്നും ബിരുദമെടുത്തുകൊണ്ട്, നിലം ഉഴുകയും, വിത്തു വിതയ്ക്കുകയും, വിള നനയ്ക്കുകയും വേണം. എന്നാൽ അവർ ഇത് ആകുലചിന്ത നിമിത്തം ചെയ്യരുത്. കർത്തവ്യത്തിൽനിന്നും ആകുലചിന്തയെ നാം വേർതിരിച്ചറിയണം. നിങ്ങളുടെ കർത്തവ്യം കൃഷിപ്പണി പൂർത്തീകരിക്കുകയാണ്, അതായത്, ഹൈസ്കൂളിൽനിന്നും കോളജിൽനിന്നും ബിരുദമെടുക്കുകയാണ്. അല്ലെങ്കിൽ, ജീവിക്കുവാൻ പ്രയാസമായിരിക്കും. ദൈവത്തിനുവേണ്ടി ഭൂമിയിൽ ജീവിക്കുന്നതിന്, നിങ്ങളുടെ വിദ്യാഭ്യാസം നിങ്ങൾ പൂർത്തിയാക്കണം. എന്നാൽ നിങ്ങൾ പഠിക്കുകയും നിങ്ങളുടെ വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്യുമ്പോൾ, നിങ്ങൾ ലൗകികരായ ആളുകളിൽനിന്നും വ്യത്യസ്തരായിരിക്കണം. ലൗകികരായവർ അവരുടെ ആകുലത നിമിത്തം പഠിക്കുന്നു; നിങ്ങൾ ആകുലതയ്ക്കുവേണ്ടിയല്ല, പ്രത്യുത നിങ്ങളുടെ കർത്തവ്യം പൂർത്തിയാക്കുന്നതിനുവേണ്ടി പഠിക്കണം. ഈ കാര്യം നിങ്ങൾ കാണുന്നില്ലെങ്കിൽ, ഈ വേദഭാഗം നിങ്ങൾക്ക് കേവലം നിയമാനുസൃതമായിരിക്കും.

ദാവീദിന്റെ ഒരു പൂർവപിതാവായ ബോവസ് യാതൊരു ആകുലചിന്തയുമില്ലാതെ തന്റെ കർത്തവ്യം നടത്തിയ ഒരുവന്റെ ഒരു ഉദാഹരണമാണ്. ബോവസ് ധനവാനായ ഒരു കൃഷിക്കാരനായിരുന്നു; അവൻ വളരെ വിളവുണ്ടാക്കുന്നവനായിരുന്നു. എന്നാൽ ഈ മനുഷ്യൻ ആകുലത നിമിത്തം വിളവുണ്ടാക്കുന്നവനായിരുന്നില്ല, മറിച്ച് തന്റെ കർത്തവ്യം നിറവേറ്റുന്നതു നിമിത്തമായിരുന്നു. സമയം വന്നപ്പോൾ ഒരു പ്രത്യേക അളവ് കൊടുക്കുവാൻ കർത്താവ് അവനോടു പറയുകയും, അവൻ അത് ചെയ്യുകയും ചെയ്തു. നിശ്ചയമായും ബോവസ് സ്വർഗത്തിലുള്ള കാര്യങ്ങളെ വിലമതിച്ചു. ആകുലചിന്തയെ ജയിച്ചതിലൂടെ അവൻ നിക്ഷേപം സ്വർഗത്തിൽ സ്വരൂപിക്കുകയായിരുന്നു.

ചില വർഷങ്ങൾക്കുശേഷം നമ്മുടെ യുവാക്കളിൽ അനേകർ കോളജ് ഡിഗ്രികൾ ഉള്ളവരായിരിക്കും. കർത്താവിന്റെ സർവാധികാരപരമായ അനുഗ്രഹത്തിൻകീഴിൽ അനേകം ധനം കടന്നുവരുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ സ്കൂളിലേക്കു പോയത് ആകുലത നിമിത്തമല്ല, നിങ്ങളുടെ കർത്തവ്യം ചെയ്യാനായിരുന്നുവെന്ന് ആ സമയത്ത് നിങ്ങൾ ഓർക്കേണ്ടതാവശ്യമായിരിക്കും. അതുകൊണ്ട്, നിങ്ങൾ കൊണ്ടുവരുന്ന ധനം നിങ്ങളുടെ ആകുലതയ്ക്കുവേണ്ടിയല്ല, മറിച്ച് നിങ്ങളുടെ കർത്തവ്യത്തിനുവേണ്ടി ഉപയോഗിക്കണം. നിങ്ങളുടെ കർത്തവ്യം സ്വർഗത്തിൽ നിക്ഷേപം സ്വരൂപിക്കുന്നതിന് കൊടുക്കുക എന്നാണ്. ഒരു ലക്ഷാധിപതിയാകുവാൻ വാഞ്ഛിക്കരുത്. ദശലക്ഷം ഡോളറിന്റെ ഒരു സേവിംഗ്സ് അക്കൗണ്ട് ഉണ്ടായിരിക്കുവാൻ പരിശ്രമിക്കരുത്. മറിച്ച്, കൊടുക്കുവാനും സ്വർഗത്തിൽ നിക്ഷേപം സ്വരൂപിക്കുവാനും പഠിക്കുക. നിങ്ങളുടെ നിക്ഷേപങ്ങൾ ഭൂമിയിൽനിന്നും സ്വർഗത്തിലേക്ക് സ്ഥലംമാറ്റുക. ഈ രീതിയിൽ നിങ്ങൾ ഭൂമിയിൽ ഒരു ലക്ഷാധിപതിയായിരിക്കുകയില്ല, മറിച്ച് സ്വർഗത്തിൽ ഒരു ലക്ഷാധിപതിയായിരിക്കും. നിങ്ങളുടെ കർത്തവ്യം നിങ്ങളുടെ ഡിഗ്രി സമ്പാദിക്കുന്നതും പിന്നീട് ധനമുണ്ടാക്കുന്നതുമാണ്. എന്നാൽ ഒരു ലക്ഷാധിപതിയായിത്തീരുവാൻ അന്വേഷിക്കരുത്. പകരം, നിങ്ങളുടെ സ്വർഗീയ പിതാവിന്റെ ജീവനും പ്രകൃതത്തിനും അനുസരിച്ച് നന്നായി കൊടുക്കുന്ന ഒരുവനായിരിക്കുക. ഇതാണ് ഈ വേദഭാഗത്തിന്റെ അർഥം.

ഈ ദൂതിലുള്ള എന്റെ ഭാരം ഈ അടിസ്ഥാന വിഷയത്തെ കുഴിച്ചെടുക്കുക എന്നതാണ്. നമുക്കെല്ലാവർക്കും ചെയ്യാനുള്ള നമ്മുടെ കർത്തവ്യമുണ്ട്. നമ്മുടെ കർത്തവ്യം നാം നിറവേറ്റുമ്പോൾ നമ്മുടെ ആകുലചിന്ത നിമിത്തം നാം യാതൊന്നും ചെയ്യരുത്, കാരണം നമുക്ക് ആകുലതയെ അറിയാത്ത ഒരു ദിവ്യജീവനുണ്ട്. എല്ലാ രീതിയിലും നമുക്കുവേണ്ടി കരുതുന്ന സർവശക്തനും സർവവും-ഉൾക്കൊള്ളുന്നവനുമായ ഒരു സ്വർഗീയ പിതാവും നമുക്കുണ്ട്. ഇന്നത്തെ ലോകം ആകുലചിന്തകൊണ്ട് നിറഞ്ഞിരിക്കുന്നുവെങ്കിലും, രാജ്യജനം യാതൊന്നിനെക്കുറിച്ചും വിചാരപ്പെടരുത്. വിചാരപ്പെടുന്നതുകൊണ്ട് നമ്മുടെ വലുപ്പത്തോട് ഒരു മുഴം കൂട്ടുവാൻ നമുക്ക് കഴിയുകയില്ല (വാ. 27). ധാർമികതയെ സംബന്ധിച്ചിടത്തോളം, ഏറ്റവും ഉന്നതമായ ധാർമിക അനുശാസനങ്ങൾ നിറവേറ്റുവാൻ നമ്മെ പ്രാപ്തരാക്കുന്ന നമ്മുടെ പിതാവിന്റെ ജീവനും പ്രകൃതവും നമ്മുടെ ഉള്ളിലുണ്ട്. നമ്മുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളം, നമ്മെ കരുതുന്ന സ്വർഗീയ പിതാവുതന്നെ നമുക്കുണ്ട്. എങ്കിലും, നമ്മുടെ കർത്തവ്യം ചെയ്യേണ്ട

ആവശ്യമില്ലെന്ന് ഇത് അർഥമാക്കുന്നില്ല. നമ്മുടെ കർത്തവ്യം നാം നിറവേറ്റണമെങ്കിലും, നമുക്ക് യാതൊരു ആകുലചിന്തയും ഉണ്ടായിരിക്കരുത്. ജീവിക്കുവാൻ ആവശ്യത്തിനുണ്ടായിരിക്കുകയും വിവിധോദ്ദേശ്യങ്ങൾക്കുവേണ്ടി ചില ഓഹരികൾ നൽകുകയും ചെയ്ത യിസ്രായേൽമക്കളെപ്പോലെ നമുക്കും ഒരു കൊയ്ത്തുണ്ടായിരിക്കുകയും, വിവിധോദ്ദേശ്യങ്ങൾക്കുവേണ്ടി ഒരു തുക കൊടുക്കുകയും ചെയ്യാനുള്ള മനസ്സുണ്ടായിരിക്കുകയും വേണം. ഒടുവിൽ നാം കൊടുക്കുന്നതെല്ലാം സ്വർഗീയ ബാങ്കിൽ സ്വരൂപിക്കപ്പെടുകയും നമ്മുടെ ധനം അവിടെയായിരിക്കുകയും ചെയ്യും.

ഇത് ജീവനിലുള്ള നമ്മുടെ അനുദിന വളർച്ചയോടും ബന്ധപ്പെട്ടിരിക്കുന്നു. അലസതയും ആകുലചിന്തയും, ജീവനിലുള്ള നമ്മുടെ വളർച്ചയെ വൈകിപ്പിക്കും. തന്റെ കർത്തവ്യം ചെയ്യാത്ത നിഷ്ക്രിയരായ ആരും, ജീവനിൽ ഒരിക്കലും വളരുകയില്ല. ജീവനിൽ വളരുന്ന ഏവനും ശുഷ്കാന്തിയുള്ളവനും അധ്വാനശീലനുമാണ്. തീർച്ചയായും ഈ ശുഷ്കാന്തിയും അധ്വാനശീലവും ഒരു പ്രതിഫലം കൊണ്ടുവരുകയും, ഏതാനും ഭൗതിക ധനം നിങ്ങളുടെ പക്കൽ വരുകയും ചെയ്യും. നിങ്ങളുടെ ആകുലതയ്ക്കുവേണ്ടിയല്ല, നിങ്ങൾ കൊടുക്കുന്നതിനുവേണ്ടി ഈ ധനമെല്ലാം ഉപയോഗിക്കപ്പെടണം. ആകുലചിന്ത പോകണം. നിങ്ങളുടെ അനുദിന ജീവിതത്തെ സ്വായത്തമാക്കുവാൻ ആകുലചിന്തയെ അനുവദിക്കരുത്. നിങ്ങളുടെ ഉള്ളിലുള്ള പിതാവിന്റെ ജീവൻ യാതൊരു ആകുലതയെയും അറിയാത്തതുകൊണ്ട്, നിങ്ങൾക്ക് യാതൊരു ആകുലചിന്തയും ഉണ്ടായിരിക്കരുത്. നിങ്ങൾക്ക് എന്തെങ്കിലും അധികമായിട്ടുള്ളത് നിങ്ങളുടെ ആകുലത നിമിത്തം ഉപയോഗിക്കരുത്. സ്വർഗീയ ബാങ്കിലെ നിക്ഷേപം വർധിപ്പിക്കുവാൻ ഉപയോഗിക്കുക. നിങ്ങൾ ഇതു ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ജീവനിൽ വളരുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. ശുഷ്കാന്തിയുള്ളവനും, തനിക്ക് അധികമായിട്ടുള്ളത് തന്റെ ആകുലതയ്ക്കായി ഉപയോഗിക്കാത്തവനുമായ വ്യക്തി മാത്രമാണ് ജീവനിൽ വളരുന്നത്. നിങ്ങൾ ശുഷ്കാന്തിയോടെ പഠിക്കുകയും, നല്ല ഗ്രേഡുകൾ വാങ്ങുകയും, ഏറ്റവും ഉന്നതമായ ഡിഗ്രി സമ്പാദിക്കുകയും വേണം. എങ്കിലും, നിങ്ങളുടെ പക്കൽ വരുന്ന ധനം നിങ്ങളുടെ ആകുലതയ്ക്കുവേണ്ടി ഉപയോഗിക്കരുത്. നാം അധ്വാനിക്കുകയും നമ്മുടെ കർത്തവ്യം നിറവേറ്റുകയും ചെയ്യുന്നുവെങ്കിലും, നമുക്ക് യാതൊരു ആകുലചിന്തയും ഇല്ല. ഇതാണ് പിതാവിന്റെ ജീവനിൽ വളരാനുള്ള ശരിയായ രീതി.

### *ഈ ആവശ്യങ്ങളെല്ലാം സ്വർഗീയ പിതാവ് അറിയുന്നു*

വാക്യം 32-ൽ കർത്താവു പറയുന്നു, "എന്തെന്നാൽ ഇവയെല്ലാം ജാതികൾ വിചാരപ്പെട്ട് അന്വേഷിക്കുന്നു. ഇവയെല്ലാം നിങ്ങൾക്ക് ആവശ്യമുണ്ടെന്ന് നിങ്ങളുടെ സ്വർഗീയ പിതാവ് അറിയുന്നു." രാജ്യത്തിന്റെ പുതിയ പ്രമാണം പാലിക്കുന്നതിനുള്ള അവരുടെ ബലമായി അവരുടെ സ്വർഗീയ പിതാവിന്റെ ജീവൻ രാജ്യജനത്തിനുണ്ട്. തങ്ങളുടെ ഭൗതിക ആവശ്യങ്ങളെക്കുറിച്ച് അവർ വിചാരപ്പെടാതിരിക്കത്തക്കവണ്ണം അവയ്ക്കുവേണ്ടി കരുതുവാനും അവർക്ക് അവരുടെ സ്വർഗീയ പിതാവ് ഉണ്ട്. അവരുടെ സ്വർഗീയ പിതാവ് അവരുടെ ബലത്തിന്റെയും സഹായത്തിന്റെയും ഉറവിടമാണ്. തന്മൂലം, അവർ ബലഹീനരോ എന്തിലെങ്കിലും കുറവുള്ളവരോ ആയിരിക്കേണ്ട ആവശ്യമില്ല.

### *ആദ്യം പിതാവിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിക്കുന്നു*

വാക്യം 33 പറയുന്നു, "എന്നാൽ ആദ്യം അവന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിക്കുവിൻ, ഇവയെല്ലാം നിങ്ങൾക്ക് കൂട്ടിച്ചേർക്കപ്പെടും." പിതാവിന്റെ രാജ്യം ഇന്ന് സ്വർഗരാജ്യത്തിന്റെ യാഥാർഥ്യവും, വരാനിരിക്കുന്ന സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയും ആണ്. പിതാവിന്റെ നീതി 5:20-ലും 6:1-ലും പരാമർശിച്ചിരിക്കുന്ന രാജ്യത്തിന്റെ പുതിയ പ്രമാണം പാലിക്കുന്നതിലൂടെയുള്ള നീതിയാണ്. രാജ്യജനം ആദ്യം അവരുടെ സ്വർഗീയ പിതാവിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നതിനാൽ, അവർക്ക് അവന്റെ രാജ്യവും അവന്റെ നീതിയും നൽകപ്പെടുമെന്നു മാത്രമല്ല, അവരുടെ ആവശ്യകതകൾ കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യും.

### *നാളേക്കായി വിചാരപ്പെടരുതിരിക്കുന്നു*

അവസാനമായി വാക്യം 34 പറയുന്നു, "അതുകൊണ്ട്, നാളേക്കായി വിചാരപ്പെടരുത്, എന്തെന്നാൽ നാളത്തെ ദിവസം അതിനായിത്തന്നെ വിചാരപ്പെടും; അതതു ദിവസത്തിന് അതതിന്റെ തിന്മ മതി." രാജ്യജനം ഒരിക്കലും നാളത്തെ ദിവസത്തിൽ ജീവിക്കരുത്, മറിച്ച് ഇന്നത്തെ ദിവസത്തിൽ ജീവിക്കണം. "തിന്മ" എന്ന പദം ഇവിടെ കഷ്ടതയെയും ഉപദ്രവത്തെയും സൂചിപ്പിക്കുന്നു. രാജ്യത്തിനുവേണ്ടിയുള്ള ഭൂമിയിലെ അവരുടെ നാളുകൾ സ്വസ്ഥതയുടെയും ആശ്വാസത്തിന്റെയുമല്ല, പിന്നെയോ കഷ്ടതയുടെയും ഉപദ്രവത്തിന്റെയും നാളുകളായിരിക്കുമെന്ന് രാജ്യത്തിന്റെ രാജാവ് രാജ്യജനത്തിന് വ്യക്തമാക്കിയിരിക്കുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. (*Life-study of Matthew,* pp. 255-264)